15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 370 | 09-08-2021 - ൽ മറുപടിയ്ക്ക്

കേരള ഇൻലാൻഡ് വെസ്സൽ നിയമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാകുന്നതോടെ ഉൾനാടൻ ജലഗതാഗതം ഏറെ വർദ്ധിക്കാനിടയുള്ള സാഹചര്യത്തിൽ ഉൾനാടൻ ജലപാതകളിലെ ഗതാഗതവും ജലയാനങ്ങളെയും നിയന്ത്രിക്കുന്നതിനായുള്ള കേരള ഇൻലാൻഡ് വെസ്സൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. 15-09-2010 ലെ ജി.ഒ.(പി)നം.5/2010/CSIND നമ്പർ ഉത്തരവ് പ്രകാരം കേരള ഉൾനാടൻ ജലഗതാഗതനിയമം നിലവിൽ വന്നു. ഈ നിയമത്തിന്റെ ഇംപ്ലിമെന്റിംഗ് അതോറിറ്റി തുറമുഖ വകുപ്പ് ഡയറക്ടറാണ്. പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റം വരുത്തേണ്ടതുള്ളതിനാൽ ഈ നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്. |
| (ബി) | ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങൾ രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ഹൗസ്ബോട്ടുകൾ അടക്കമുള്ള 2851 ഉൾനാടൻ ജലയാനങ്ങൾ കേരള ഉൾനാടൻ ജലയാന നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ആലപ്പുഴ കേന്ദ്രീകരിച്ച് അംഗീകാരമില്ലാത്ത ചില ബോട്ടുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പിടിച്ചുകെട്ടുന്നതിനാ-വശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ ഉല്ലാസയാനങ്ങൾ ഉൾപ്പെടെ എല്ലാ ജലയാനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്നും അവ സുരക്ഷാ സംവിധാനങ്ങളോടെയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | രജിസ്റ്റർ ചെയ്യാത്ത ഹൗസ് ബോട്ടുകൾ, ശിക്കാരകൾ തുടങ്ങിയവ കണ്ടെത്തി ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹമായവയ്ക്ക് രജിസ്ട്രേഷൻ നൽകാനും ബാക്കിയുള്ളവയുടെ വിവരം അടിയന്തിരമായി സർക്കാരിൽ റിപ്പോർട്ട് ചെയ്യാനും മാരിടൈം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലയാനങ്ങളുടെ രജിസ്ട്രേഷൻ, സുരക്ഷാ സംവിധാനം നടപ്പിലാക്കുന്നതു സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ മാരിടൈം ബോർഡിന് നൽകിയിട്ടുണ്ട്. 1. ഉൾനാടൻ ജലഗതാഗത യാനങ്ങളുടെ രജിസ്ട്രേഷനു വേണ്ടിയുള്ള വെബ്സൈറ്റ് ലോഞ്ച് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക. 2. |

| | | | | |
|---|---|---|---|---|
| | | | | മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയതുപോലെ ഹൗസ്ബോട്ടുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു ഓൺലൈൻ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക. 3. ഹൗസ്ബോട്ട് ഉടമകൾക്കും തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുക. 4. രജിസ്റ്റർ ചെയ്ത ബോട്ടുകളിൽ മാത്രം യാത്ര നടത്തുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഒരു മീഡിയ ക്യാമ്പെയിൻ നടത്തുക. 5. ജലയാനങ്ങളുടെ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു എൻഫോഴ്സ്മെന്റ് സംവിധാനം തുറമുഖ വകുപ്പിന് മാത്രമായി നടപ്പാക്കാൻ കഴിയാത്തതിനാൽ പോലീസ്, റവന്യൂ ഉൾനാടൻ ജലഗതാഗതം, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഇൻസ്പെക്ഷനുകൾ നടത്തുക. അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ്ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാന്റ് വെസ്സൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ സർവ്വീസ് നടത്തുന്ന ജലയാനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ യാത്രാ ബോട്ടുകളിലും ഉല്ലാസയാനങ്ങളിലും ജീവൻരക്ഷ / അഗ്നിശമന ഉപകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ ഘടിപ്പിച്ച ബോട്ടുകൾക്ക് മാത്രമാണ് രജിസ്ട്രേഷനും സർവ്വേ സർട്ടിഫിക്കറ്റും നൽകുന്നത്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് ബോധവൽക്കരണം നൽകിയിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ